I/91020/2023

DWCD/856/2023-E8

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :11-04-2023
Email -wcdestablishment2017@gmail.com
Phone : 0471 – 2346534

## സർക്കുലർ

വിഷയം: വനിത-ശിശു വികസന വകുപ്പ്-ജീവനക്കാര്യം-ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരിൽ നിന്നും ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I/ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലെ നിയമനം-DPC ലോവർ 2023 കൂടുന്നതിന് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന: 1) GO(MS) No.6/2021/SJD തീയതി 15.02.2021
2) 05.03.2023 തീയതിയിലെ വനിത ശിശുവികസന ഡയറക്ടറുടെ DWCD/856/2023-ഇ8 നം.പരിപത്രം

കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട വനിത ശിശു വികസന വകുപ്പിലെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1/ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയിലേക്ക് ജീവനക്കാരുടെ സ്ഥാനക്കയറ്റ വ്യവസ്ഥകൾ താത്ക്കാലികമായി നിശ്ചയിച്ച് മേൽ സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻറെ അടിസ്ഥാനത്തിൽ സൂചന (2) പരിപത്ര പ്രകാരം വകുപ്പിലെ ജൂനിയർ സൂപ്രണ്ട്, സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക് ഓഫീസർ, ന്യൂട്രീഷനിസ്റ്റ്, പ്രീസ്കൂൾ എഡ്യൂക്കേഷനിസ്റ്റ്, സോഷ്യോളജിസ്റ്റ് എന്നീ തസ്തികകൾ ഉൾപ്പെട്ട കാറ്റഗറി 2 വിൽ നിന്നും കോൺഫിഡൻഷ്യൽ റിപ്പോർട്ടും ഓപ്ഷനും സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു.

സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ള ജൂനിയർ സൂപ്രണ്ട് ഉൾപ്പെടെ കാറ്റഗറി 2 വിലെ ജീവനക്കാർക്ക് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുന്നതിനായി, പരിപത്ര തീയതി മുതൽ 7 ദിവസം കൂടി കോൺഫിഡൻഷ്യൽ റിപ്പോർട്ടും ഓപ്ഷനും സമർപ്പിക്കുന്നതിന് സമയം ദീർഘിപ്പിച്ച് നൽകുന്നു. പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിൻറെ പകർപ്പ് കോൺഫിഡൻഷ്യൽ റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ഉത്തരവിൻറെ പകർപ്പ് കൈവശമില്ലാത്ത ജീവനക്കാർ സേവന പുസ്തകത്തിലെ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തിയ ആദ്യ പുറത്തിൻറെയും പ്രൊബേഷൻ ഡിക്ലയർ ചെയ്ത വിവരം രേഖപ്പെടുത്തിയിട്ടുള്ള പുറത്തിൻറെയും പകർപ്പുകൾ കാര്യാലയ മേധാവിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തി റിപ്പോർട്ടിനൊപ്പം സമർപ്പിക്കേണ്ടതാണ്. പ്രൊബേഷൻ ഡിക്ലയർ ചെയ്ത വിവരം രേഖപ്പെടുത്തിയിട്ടുള്ള പുറത്തിൻറെ പകർപ്പ് സാക്ഷ്യപ്പെടുത്തുന്ന കാര്യാലയ മേധാവി ഏത് ജീവനക്കാരൻറെ സേവനപുസ്തകത്തിൻറെ പകർപ്പാണ് സാക്ഷ്യപ്പെടുത്തുന്നതെന്ന വിവരം പ്രസ്തുത പുറത്ത് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

മുൻ വർഷങ്ങളിൽ (2020, 2021) കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളവർ 2022 ലെ റിപ്പോർട്ട് മാത്രം സമർപ്പിച്ചാൽ മതിയാകും. പ്രസ്തുത ജീവനക്കാർ ഈ കാര്യാലയത്തിലെ ഇ8 സെക്ഷനുമായി ബന്ധപ്പെട്ട് മുൻവർഷം സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ അപാകത ഇല്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

I/91020/2023

എല്ലാ ജീവനക്കാരും 2021, 2022 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് നിർബന്ധമായും മാനുവൽ ആയും SCORE പോർട്ടൽ മുഖേനയും സമർപ്പിക്കേണ്ടതാണ്. പരിപത്ര തീയതി മുതൽ 7 ദിവസത്തിന് മുമ്പായി കോൺഫിഡൻഷ്യൽ റിപ്പോർട്ടും സെൽഫ് അസസ്മെൻറും സമർപ്പിക്കാത്തവരെയും അപാകതയുള്ള റിപ്പോര്ട്ട് സമർപ്പിക്കുന്നവരെയും ഒരു അറിയിപ്പ് കൂടാതെ തന്നെ ഒഴിവാക്കി ഡിപിസി (ലോവർ) കൂടുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രിയങ്ക ജി, ഐ.എ.എസ്

**വനിത ശിശുവികസന ഡയറക്ടർ**

Signed by Priyanka G
Date: 11-04-2023 16:19:55